# പദ്ധതി ഉപേക്ഷിക്കണം

ഡോ. വി.എസ്. വിജയൻ

**സൈലന്റ്‌വാലിയിൽ അണക്കെട്ടാൻ കെ.എസ്.ഇ.ബി.യും സർക്കാരും തീരുമാനിച്ചപ്പോൾ കെ.എഫ്.ആർ.ഐ.യിൽ ശാസ്ത്രജ്ഞനായിരുന്ന ഡോ. വി.എസ്. വിജയനായിരുന്നു പഠന ചുമതല. പദ്ധതിയ്ക്കനുമതി ലഭിക്കാൻ ഉതകുന്നവിധം 'പാരിസ്ഥിതിക പ്രശ്നമില്ല' എന്ന വിധത്തിൽ റിപ്പോർട്ട് നല്കാൻ സർക്കാർ തലത്തിൽ സമ്മർദ്ദവും ഭീഷണിയും ഉണ്ടായിട്ടും സത്യസന്ധവും ശാസ്ത്രീയവുമായ ഇദ്ദേഹത്തിന്റെ റിപ്പോർട്ട് സൈലന്റ്‌വാലിയെക്കുറിച്ചുള്ള ആദ്യപഠനങ്ങളിൽ ധീരമായ ഒന്നാണ്. ഇപ്പോൾ 'സാക്കോൺ' ഡയറക്ടറായ ഡോ. വിജയൻ പ്രമുഖ പക്ഷിനിരീക്ഷകൻ കൂടിയാണ്.**

സൈലന്റ്‌വാലി നാഷണൽ പാർക്കിന്റെ തുടർച്ചയാണ് പാത്രക്കടവ് എന്നും പാത്രക്കടവ് ജലവൈദ്യുതി പദ്ധതി ഉപേക്ഷിക്കേണ്ടതാണെന്നും സാക്കോൺ (സലിം അലി സെന്റർ ഫോർ ഓർണിത്തോളജി ആന്റ് നാച്വർ ഹിസ്റ്ററി) ഡയറക്ടർ ഡോ. വി.എസ്. വിജയൻ അഭിപ്രായപ്പെട്ടു. നേരത്തെ നിശ്ചയിച്ചിരുന്ന സൈലന്റ്‌വാലി പദ്ധതി സ്ഥലം മാറ്റുക മാത്രമാണ് ഇപ്പോൾ ചെയ്തിട്ടുള്ളത്. 180 തരത്തിലേറെയുള്ള പക്ഷികൾ പാത്രക്കടവിലുണ്ടെന്നും സൈലന്റ്‌വാലിയെക്കുറിച്ച് ആദ്യപഠനം നടത്തിയ അദ്ദേഹം പറഞ്ഞു. സൈലന്റ്‌വാലിയിൽ കാണുന്ന എല്ലാ ജൈവവൈവിധ്യങ്ങളും പാത്രക്കടവിലുണ്ട്.



പദ്ധതിക്കുവേണ്ടി വെള്ളത്തിന്റെ അളവെടുത്തതിലും തെറ്റു സംഭവിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ പദ്ധതി തുടങ്ങാനുദ്ദേശിച്ച സ്ഥലത്തുനിന്നും വളരെ താഴെ നിന്നാണ് വെള്ളമെടുത്തത്. നിർദ്ദിഷ്ട ഡാമിനപ്പുറത്തുള്ളതെത്രയെന്ന് അറിയില്ല.

ധ്രുത പഠന റിപ്പോർട്ടിനുവേണ്ടി അഞ്ചു മാസത്തെ പഠനം മാത്രമാണ് നടത്തിയത്.

**സൈലന്റ്‌വാലി ഒന്നാന്തരം വലിയ കാടാണ് (മേജർ ഫസ്റ്റ് ക്ലാസ്സ് ഫോറസ്റ്റ്). കേവലം അഞ്ച് മാസ പഠനം കൊണ്ട് ഇവിടുത്തെ തീരുമാനങ്ങളൊന്നും എടുക്കാനാവില്ല. പൂർണ്ണവും ശാസ്ത്രീയവുമായ ദീർഘകാല പഠനം 'സാക്കോൺ' നടത്തുന്നുണ്ട്.**

എല്ലാ സീസണിലേയും പഠനംകൊണ്ടു മാത്രമേ പാത്രക്കടവ് പോലുള്ള പ്രദേശത്തെ ജൈവവൈവിധ്യത്തിന്റെ കണക്കറിയൂ.

*Director, SACON, Anakkatty P.O.*
*Ph : 0422-2657101-5*

---

കൊടുക്കണമെന്നും ഒരാൾക്ക് ഒരു ദിവസം 360 ലിറ്റർ വീതം എന്ന കണക്കിൽ എല്ലാവർക്കും വേണ്ട വെള്ളം പുറത്തുനിന്ന് കൊണ്ടുവന്നു കൊടുക്കണമെന്നുമാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. പക്ഷെ മണ്ണാർക്കാടുകാർക്കുപോലും അപേക്ഷിച്ചാൽ ഗ്യാസ് കണക്ഷൻ കിട്ടാറില്ല എന്നത് യാഥാർത്ഥ്യം. മാത്രമല്ല ഇവർക്ക് വെള്ളം പുറത്ത് എവിടെ നിന്നാണ് കൊണ്ടുവരിക ? ഭാരതപ്പുഴയിലും കൈവഴികളിലും വെള്ളമുള്ളത് കുന്തിപ്പുഴയിൽ മാത്രമാണല്ലോ ! ഈ നാട്ടുകാരൊക്കെ ഇത്ര പൊട്ടന്മാരാണെന്നോ വൈദ്യുതി വകുപ്പിലെ ഉദ്യോഗസ്ഥർ കരുതിയിരിക്കുന്നത്.

? പദ്ധതികൊണ്ട് പരിസ്ഥിതിക്ക് എന്താഘാതമാണുണ്ടാവുക ?

5. അതേക്കുറിച്ച് വ്യക്തമായ പഠനമൊന്നും നടത്തിയിട്ടില്ല. 30 ദശലക്ഷം വർഷം പഴക്കമുള്ള കേരളത്തിൽ അവശേഷിക്കുന്ന ഏക മഴക്കാടാണ് സൈലന്റ് വാലി. ചുറ്റുമുള്ള സംരക്ഷണ വലയത്തിന്റെ ആവരണമില്ലാതെ ഒരു മഴക്കാടിനു നിലനില്പില്ല. ആ സംരക്ഷണ വലയത്തിൽ, നാഷണൽ പാർക്കിൽ നിന്ന് വെറും 500 മീറ്ററിനുള്ളിലാണ് ഈ പദ്ധതി വരിക. വൈദ്യുതി വകുപ്പ് ഉണ്ടാക്കിച്ചിട്ടുള്ള ആഘാതപഠനം ഡാം ഉണ്ടാക്കുന്ന പാത്രക്കടവിനെപ്പറ്റി മാത്രമാണ്. പ്രസ്തുത പദ്ധതി വന്നാൽ ആയത് സൈലന്റ് വാലിക്ക് എന്ത് ആഘാതം ഉണ്ടാക്കും എന്നതിനേപ്പറ്റി യാതൊരു പഠനവും നടത്തിയിട്ടില്ല. സൈലന്റ് വാലി മഴക്കാടുകൾക്ക് ഉണ്ടാകുന്ന എന്താഘാതവും കുന്തിപ്പുഴയിലെ വെള്ളമില്ലാതാക്കും, ആ കാട് നശിച്ചാൽ കേരളത്തിനു മൊത്തം വിനാശകരമായിരിക്കും.

? അതെന്താണ് ? പണ്ടേതോ നേതാവ് ചോദിച്ചിട്ടുണ്ടല്ലോ അറബിക്കടലിൽ മഴ പെയ്യുന്നത് അവിടെ മരം ഉണ്ടായിട്ടാണോ എന്ന്, ശരിയല്ലേ അത് ?

6. അറബിക്കടലിൽ മഴ പെയ്യാൻ അവിടെ മരം വേണ്ട. കടലിലുണ്ടാകുന്ന താപവ്യതിയാനങ്ങൾ മതി. അതിനു പുറമെ കരയിൽ മലന്തലപ്പുകളിൽ കാടുണ്ടാവണം. എങ്കിലേ ഉയരത്തിലൂടെ കടന്നുപോകുന്ന മഴമേഘങ്ങളെ താഴേക്കു കൊണ്ടുവരാനാകൂ. കടലിൽ മരമില്ലെങ്കിലും അവിടെ മഴ പെയ്യും പക്ഷെ പശ്ചിമഘട്ടത്തിന്റെ മുകളിൽ മരമില്ലെങ്കിൽ - നിത്യഹരിതവനങ്ങളും മഴക്കാടുകളും ഇല്ലെങ്കിൽ, പുൽമേടുകളും അവയ്ക്കിടയിലെ ചോലവനങ്ങളും ഇല്ലെങ്കിൽ പശ്ചിമഘട്ടത്തിന്റെ ചെരിവിലുള്ള കൊച്ചുകേരളത്തിന്റെ മഴക്കാലവും പൊയ്പ്പോകും. ഇപ്പോൾത്തന്നെ രൂക്ഷമായ വരൾച്ച അനുഭവപ്പെടുന്ന കേരളത്തിന് ഇനി വനനഷ്ടം താങ്ങാനാവില്ല.

*കിഴക്കേക്കര, ഇരുമ്പകച്ചോല പി.ഒ.,*
*കാഞ്ഞിരപ്പുഴ 678 591, പാലക്കാട് ജില്ല*
*ഫോൺ : 04924 238253*